**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1947** **11-10-2024 - ൽ മറുപടിയ്ക്ക്**

**മട്ടന്നൂർ മണ്ഡലത്തിൽ പ്രകൃതിദുരന്തത്തിൽ വളർത്തുമൃഗങ്ങൾ നഷ്ടമായവർക്ക് സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ കണ്ണവം വനമേഖലയിലുണ്ടായ ഉരുൾപൊട്ടലിന്റെ ഭാഗമായി മട്ടന്നൂർ മണ്ഡലത്തിലെ വിവിധ തദ്ദേശസ്ഥാപനങ്ങളിൽ വലിയ നാശനഷ്ടം ഉണ്ടാവുകയും അനവധി കന്നുകാലികൾ ഉൾപ്പെടെയുള്ള വളർത്തുമൃഗങ്ങൾ നഷ്ടമാവുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ദുരന്തത്തെ നേരിടുന്നതിന് മൃഗസംരക്ഷണ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>കണ്ണൂർ ജില്ലയിലെ മഴക്കെടുതി നാശനഷ്ടങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതിൽ കണ്ണവം വനമേഖലയിലുണ്ടായ ഉരുൾപൊട്ടലും വെള്ളപ്പൊക്കവും മൂലം ആകെ 9 പോത്തുകൾ, ഒരു ആൺ കന്നുകുട്ടി, 255കോഴികൾ, 3 അലങ്കാര പ്രാവുകൾ എന്നിവ നഷ്ടപ്പെട്ടിട്ടുണ്ട്. ആകെ 8 കർഷകർക്കാണ് നഷ്ടം സംഭവിച്ചത്.<br>മഴക്കെടുതിയിൽ വളർത്തു മൃഗങ്ങൾ നഷ്ടപ്പെട്ട കർഷകരുടെയും ഉരുക്കളുടെയും വിവരങ്ങൾ ശേഖരിക്കുകയും ദുരന്ത ബാധിത മേഖലയിലെ കന്നുകാലികൾക്ക് ക്യാമ്പുകൾ, തീറ്റ, ചികിത്സാ പരിചരണം എന്നിവ ആവശ്യാനുസൃതം ഏർപ്പെടുത്തുകയുമുണ്ടായി. |
| (ബി) | വളർത്തുമൃഗങ്ങളും മറ്റും നഷ്ടപ്പെട്ട കർഷകർക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (ബി) | മൃഗസംരക്ഷണ വകുപ്പിന്റെ ദുരന്തനിവാരണ മാനദണ്ഡപ്രകാരമുള്ള അപേക്ഷകൾ കർഷകർ ബന്ധപ്പെട്ട മൃഗാശുപത്രികൾ മുഖേന സമർപ്പിച്ചുവരികയാണ്. ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് അർഹരായ കർഷകർക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചുവരുന്നു. |
| (സി) | കന്നുകാലി കർഷകർ ഉൾപ്പെടെയുള്ളവരെ സഹായിക്കുന്നതിന് പ്രത്യേക പാക്കേജ് പരിഗണിക്കുമോ; വിശദാംശം നൽകാമോ ? | (സി) | മൃഗസംരക്ഷണ വകുപ്പിന്റെ ദുരന്തനിവാരണ മാനദണ്ഡപ്രകാരമുള്ള അപേക്ഷകൾ കർഷകർ ബന്ധപ്പെട്ട മൃഗാശുപത്രികൾ മുഖേന സമർപ്പിച്ചുവരികയാണ്. ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് അർഹരായ കർഷകർക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ